# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## ശരീരത്തെ തൃപ്തിപ്പെടുത്തി ജീവിക്കുമ്പോൾ ആത്മീയത നഷ്ടപ്പെടുന്നു




ദൈവത്തിലേയ്ക്കു തിരിയാൻ തടസ്സമായിട്ടുള്ള കാര്യങ്ങൾ : -
1. തെറ്റായ വഴികളിൽ നിന്നും കിട്ടുന്ന താൽക്കാലിക സുഖത്തെ ഉപേക്ഷിക്കാൻ കഴിയാത്തത്.
2. പാപത്തിൽ നിന്നും നേടിയ ഫലങ്ങൾ കൈവശമിരിക്കുമ്പോൾ
3. ലോകത്തിൽ മാത്രം പ്രത്യാശവച്ച ജീവിക്കുന്നവരുമായുള്ള അമിതമായ കൂട്ടുകെട്ടുകൾ
4. അനീതിയിലും, അസത്യത്തിലും ജീവിക്കുന്നവരുമായുള്ള അമിതമായ ഇടപെടലുകൾ
5. ദൈവത്തെ എതിർക്കുന്ന സാത്താന്റെ അടിമത്തത്തിൽ കഴിയുന്നതും, ഈ ലോകത്ത് ആസ്വദിച്ച് ജീവിക്കാൻ അവൻ പ്രേരിപ്പിക്കുന്നു.

ശരീരത്തിന്റെ അഭിലാഷത്തിനനുസരിച്ച് ജീവിക്കുമ്പോൾ ആർക്കും ആത്മീയ മനുഷ്യരാകാൻ കഴിയുകയില്ല.
ഗലാത്തിയാ 5:16-17 'ആത്മാവിന്റെ പ്രേരണയനുസരിച്ച വ്യാപരിക്കുവിൻ. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ, ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്. ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ നിങ്ങൾക്കു സാധിക്കാതെ വരുന്നു'.

ശരീരത്തിന്റെ അഭിലാഷങ്ങൾ എന്തൊക്കെയാണെന്ന് വചനം പഠിപ്പിക്കുന്നു. ഗലാത്തിയാ 5 :19-21 'വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദുശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു '. ഗലാത്തിയാ 5 :24 'യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു '.